**<u>പത്രക്കുറിപ്പ്</u>**

**KERALA STATE COMMISSION FOR PROTECTION OF CHILD RIGHTS**
T.C. 14/2036, VanrossJn,University P.O,
Thiruvananthapuram – 34
e-mail : pro.cpcr@gmail.com
Phone : 0471 – 2326603/04/05

03.02.2021

# ബാലസൗഹൃദകേരളം ശിൽപ്പശാല ഇന്ന് പൂവാറിൽ

കുട്ടികളുടെ സുരക്ഷയും സുസ്ഥിതിയും കാത്തു സൂക്ഷിക്കുന്നതിൽ സമൂഹത്തിനുള്ള പങ്കിനെക്കുറിച്ച് പൊതുബോധം വളർത്തുക ലക്ഷ്യമാക്കി സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ സംഘടിപ്പിക്കുന്ന ബാലസൗഹൃദകേരളം ശിൽപ്പശാല ഇന്ന് (4.2.2021) പൂവാറിൽ നടത്തും. ശ്രുതി റോയൽ ആഡിറ്റോറിയത്തിൽ രാവിലെ ഒൻപതിന് ആരംഭിക്കുന്ന പരിപാടി തിരുവനന്തപുരം മേയർ ആര്യ രാജേന്ദ്രൻ ഉദ്ഘാടനം ചെയ്യും. ബാലസൗഹൃദകേരളം പരിപാടിയുടെ ബ്രാൻഡ് അംബാസഡർ മജീഷ്യൻ ഡോ. ഗോപിനാഥ് മുതുകാട്, കമ്മീഷൻ അംഗങ്ങളായ കെ. നസീർ, സി. വിജയകുമാർ, ലീഗൽ കം പ്രൊബേഷൻ ഓഫീസർ വി. എൽ അനീഷ എന്നിവർ വിവിധ വിഷയങ്ങൾ അവതരിപ്പിക്കും. ചടങ്ങിൽ കമ്മീഷൻ ചെയർമാൻ കെ.വി മനോജ്കുമാർ അദ്ധ്യക്ഷനായിരിക്കും.

ബാലസൗഹൃദകേരളം യാഥാർത്ഥ്യമാക്കുക, ബാലാവകാശ സാക്ഷരത ഉറപ്പുവരുത്തുക എന്നിവ മുൻനിർത്തി തിരുവനന്തപുരം ജില്ലയിലെ പഞ്ചായത്ത്-വാർഡ് തല ബോധവത്കരണവും ബാലസംരക്ഷണ സമിതികളുടെ ശാക്തീകരണവും ശിൽപ്പശാലയോടനുബന്ധിച്ച് നടക്കും. പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എസ്. കെ ബൻഡാർവിൻ, ജില്ല പഞ്ചായത്ത് അംഗം സൂര്യ എസ്. പ്രേം, പൂവാർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ജെ. ലോറൻസ് എന്നിവർ പ്രസംഗിക്കും. കമ്മീഷൻ അംഗങ്ങളായ റെനി ആന്റണി, പി.പി ശ്യാമളാദേവി, സെക്രട്ടറി അനിതാ ദാമോദരൻ, ശിശുക്ഷേമ സമിതി ജനറൽ സെക്രട്ടറി ഡോ. ഷിജുഖാൻ, ചൈൽഡ് വെൽഫെയർ കമ്മിറ്റി ചെയർപേഴ്സൺ എൻ. സുനന്ദ, പൂവാർ ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് സീനത്ത് ജിസ്തി എന്നിവർ സംബന്ധിക്കും. കമ്മീഷൻ അംഗം ഫാ. ഫിലിപ്പ് പരക്കാട്ട് സ്വാഗതവും ജില്ല ശിശു സംരക്ഷണ ഓഫീസർ എസ് ചിത്രലേഖ നന്ദിയും പറയും. സമാപന സമ്മേളനത്തിൽ ചെയർമാൻ കെ. വി മനോജ്കുമാർ സമാപന സന്ദേശം നൽകും.

# ബാലവേല തടയാൻ കടകൾ രജിസ്റ്റർ ചെയ്യണമെന്ന് ബാലാവകാശ കമ്മീഷൻ

സംസ്ഥാനത്തെ കടകളിലും വാണിജ്യസ്ഥാപനങ്ങളിലും കുട്ടികൾ ജോലി ചെയ്യുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിന് എല്ലാ സ്ഥാപനങ്ങളും നിയമാനുസരണം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കണമെന്ന് സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ഉത്തരവായി.

സ്ഥാപനങ്ങൾ ലേബർ ഓഫീസിൽ രജിസ്റ്റർ ചെയ്തെങ്കിൽ മാത്രമേ അവിടെ ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണവും മറ്റും കൃത്യമായി അറിയാൻ കഴിയൂ. നിയമാനുസരണം രജിസ്റ്റർ ചെയ്യപ്പെടാത്ത തൊഴിലാളികൾ സ്ഥാപനത്തിൽ പ്രവർത്തിക്കാൻ പാടില്ല. ഇക്കാര്യങ്ങൾ വ്യക്തമാക്കി തൊഴിൽ വകുപ്പ് സെക്രട്ടറിയും ലേബർ കമ്മീഷണറും ഉത്തരവ് പുറപ്പെടുവിക്കുകയും പാലിക്കാത്തവർക്കെതിരേ നിയമനടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് കമ്മീഷൻ അംഗം കെ. നസീർ പുറപ്പെടുവിച്ച ഉത്തരവിൽ വ്യക്തമാക്കി.

സി.ആർ.എം.പി നമ്പർ: 6656/.../2020, തീയതി: 20.01.2021

# ചട്ടുകം ചൂടാക്കി പൊള്ളലേറ്റ കുട്ടിയെ ബാലാവകാശ കമ്മീഷൻ സന്ദർശിച്ചു

പത്തനംതിട്ട പള്ളിക്കലിൽ പിതാവ് ചട്ടുകം ചൂടാക്കി പൊള്ളലേൽപ്പിച്ച മൂന്നാം ക്ലാസുകാരനെ സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ചെയർമാൻ കെ. വി മനോജ്കുമാർ സന്ദർശിച്ചു. റാന്നി താലൂക്ക് ആശുപത്രിയിൽ ചികിത്സയിലുള്ള കുട്ടി സുഖം പ്രാപിച്ചുവരികയാണ്. കമ്മീഷൻ അംഗം റെനി ആന്റണിയും ഒപ്പം ഉണ്ടായിരുന്നു. സംഭവത്തിൽ കമ്മീഷൻ സ്വമേധയാ കേസെടുത്തിട്ടുണ്ട്. ജില്ല പൊലീസ് സൂപ്രണ്ട്, ജില്ല ശിശു സംരക്ഷണ ഓഫീസർ എന്നിവരോട് റിപ്പോർട്ട് ആവശ്യപ്പെട്ടു. കുട്ടികളോടുള്ള ക്രൂരസമീപനങ്ങൾക്കെതിരേ കമ്മീഷൻ വിട്ടുവീഴ്ചയില്ലാത്ത നടപടി സ്വീകരിക്കുമെന്ന് ചെയർമാൻ പറഞ്ഞു.

**പബ്ലിക് റിലേഷൻസ് ഓഫീസർ**